ഭരണഭാഷ – മാതൃഭാഷ

ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചീഫ് എൻജിനീയറുടെ നടപടിക്രമം.
(ഹാജർ : ശ്രീ.ബി.റ്റി. വി. കൃഷ്ണൻ, ബി.ടെക് )

<u>ഉത്തരവ് : നമ്പർ,ബി2/165/2021/സിഇ തീയതി : 26/02/2021</u>

വിഷയം :– ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് – ജീവനക്കാര്യം – രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിൽ സ്ഥാനക്കയറ്റം, പൊതുസ്ഥലംമാറ്റം –ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:– ഉത്തരവ് നമ്പർ. ബി2/7914/14/സി.ഇ തീയതി. 29/09/2020

ഈ വകുപ്പിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിൽ ഉണ്ടായ രണ്ട് ഒഴിവുകളിലേയ്ക്ക് രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ നിന്നും ശ്രീ.ബി.ജയകുമാർ, ശ്രീ.കെ.അബ്ദുൾ സമദ് എന്നിവർക്ക് മേൽ പരാമർശത്തിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകിയിരുന്നു. പ്രസ്തുത നടപടിക്കനുസൃതമായി മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നടത്തി രണ്ട് ഒഴിവുകൾ നികത്തേണ്ടതുണ്ട്. മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ അന്തിമ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം ക്രമനമ്പർ 1,2,3 സ്ഥാനക്കാരായ ശ്രീമതി. ദിവ്യ ആനന്ദ്, ശ്രീ. ആർ.പ്രേംലാൽ, ശ്രീ. നാസർ.എ എന്നിവർ ശൂന്യവേതനാവധിയിൽ തുടരുകയാണ്. ആയതിനാൽ ക്രമനമ്പർ നാലാം സ്ഥാനക്കാരനായ ശ്രീ. വിഷ്ണു.പി.സി, അഞ്ചാം സ്ഥാനക്കാരനായ ശ്രീ. ശ്രീജിത്ത്.ബി എന്നിവർക്കാണ് സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുള്ളത്. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന സ്ഥാനക്കയറ്റ സ്ഥലംമാറ്റ നിയമനം നൽകി ഉത്തരവാകുന്നു.

1. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കണ്ണൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) ശ്രീ. ദിവാകരൻ.കെ-യെ ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മാപ്പിളബേ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുന്നു.

2. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചേറ്റുവ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ. വിഷ്ണു.പി.സി-യെ 22,200-48,000/- രൂപ ശമ്പള സ്കെയിലിൽ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിൽ സ്ഥാനക്കയറ്റം നൽകി പുതിയാപ്പ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

3. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തോട്ടപ്പള്ളി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) ശ്രീ.ബി. ശ്രീജിത്തിനെ 22,200-48,000/- രൂപ ശമ്പള സ്കെയിലിൽ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) തസ്തികയിൽ സ്ഥാനക്കയറ്റം നൽകി കണ്ണൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ശ്രീ.കെ.ദിവാകരനെ സ്ഥലംമാറ്റുന്ന ഒഴിവിൽ നിയമിക്കുന്നു.

ഒപ്പ്
ചീഫ് എൻജിനീയർ

സ്വീകർത്താവ്,

വ്യക്തികൾക്ക് (മേലധികാരി മുഖേന)

പകർപ്പ്:- 1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, മദ്ധ്യമേഖല, എറണാകുളം/ ഉത്തരമേഖല, കോഴിക്കോട്
2. എക്സിക്യൂട്ടീവ് എൻജിനീയർ, കണ്ണൂർ /എറണാകുളം/ആലപ്പുഴ
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മാപ്പിളബേ ,ചേറ്റുവ, പുതിയാപ്പ, തോട്ടപ്പള്ളി
4. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഡിസൈൻ), അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സീനിയർ സൂപ്രണ്ട്(എസ്റ്റാ)
5. ഈ ഓഫീസിലെ ബി3, ബി4 സെക്ഷനുകൾക്ക്

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

T6/Pr